**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4924** — **11-08-2021 - ൽ മറുപടിയ്ക്ക്**

**പിറവം നിയോജകമണ്ഡലത്തിലെ സി.എച്ച്.സി-കളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജകമണ്ഡലത്തിലെ കൂത്താട്ടുകുളം, രാമമംഗലം, കീച്ചേരി, മുളന്തുരുത്തി സി.എച്ച്.സി-കളുടെ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | സാമൂഹികാരോഗ്യകേന്ദ്രം കൂത്താട്ടുകുളം ഒ.പി., ഐ.പി സേവനങ്ങൾക്കു പുറമേ ദന്തരോഗ വിഭാഗം, ആധുനിക സൗകര്യങ്ങളോടു കൂടിയ ലാബ് സൗകര്യം, എം.പി ഫണ്ടിൽ ദന്തരോഗ ഉൾപ്പെടുത്തി ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പ്രൈമറി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും, ഫിസിയോ തെറാപ്പിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നിവരെ ഉൾപ്പെടുത്തിയിട്ടുള്ള സെക്കന്ററി പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. 5 ഓക്സിജൻ കിടക്കകളുള്ള ഹൈഡിപ്പൻഡൻസി യൂണിറ്റ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്. എൻ.എച്ച്.എം മുഖേന പീഡിയാട്രീഷൻ, ഡെന്റൽ സർജൻ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ കൂത്താട്ടുകുളം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യകേന്ദ്രമായി തെരഞ്ഞെടുക്കുകയും ഇത് പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടി സ്ഥാപനത്തിന് 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇവിടെ 10 ബഡ്ഡുകൾ ഉള്ള ഒരു ഐസോലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സാമൂഹികാരോഗ്യകേന്ദ്രം രാമമംഗലം ഒ.പി. കിടത്തി ചികിത്സ, ഫാർമസി എന്നീ സേവനങ്ങൾക്ക് പുറമേ ലാബ് സൗകര്യം, പാലിയേറ്റീവ് കെയർ, പ്രൈമറി/ സെക്കന്ററി പ്രവർത്തനങ്ങൾ, എൽ.സി.ഡി. ക്ലിനിക് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഒ. പി വിഭാഗം വൈകിട്ട് 6 മണി വരെ ദീർഘിപ്പിച്ചിട്ടുണ്ട്.എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ഒ.പി കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചു വരുന്നു. കൂടാതെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ക്കായി സ്വന്തമായി വാഹനവും സജ്ജീകരിച്ചിട്ടുണ്ട്.<br>സാമൂഹികാരോഗ്യകേന്ദ്രം കീച്ചേരി ബ്ലോക്ക് ലെവൽ |

| | | | |
|---|---|---|---|
| | | | ആരോഗ്യസ്ഥാപനമായ കീച്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒ.പി സേവനങ്ങൾക്കു പുറമേ, എമർജൻസി, കോവിഡ് ഒ.പി, പോസ്റ്റ് കോവിഡ് ഒ.പി, എൽ.സി.ഡി. ക്ലിനിക്, പ്രൈമറി/ സെക്കന്ററി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, ഇമ്മ്യൂണൈസേഷൻ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നീ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഇ.സി.ജി, ലാബ് സൗകര്യങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യകേന്ദ്രം മുളന്തുരുത്തി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൻ കീഴിലുള്ള മുളന്തുരുത്തി സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഒ.പി, ഐ.പി സേവനങ്ങൾക്കു പുറമേ ഫിസിയോതെറാപ്പി യൂണിറ്റ്, ഡെന്റൽ യൂണിറ്റ്, ഇ.സി.ജി എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പ്രൈമറി പാലിയേറ്റീവ്, സെക്കന്ററി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും ഇവിടുന്ന് നടത്തി വരുന്നു. ലാബ്, എക്സ്റേ സേവനങ്ങൾ ലഭ്യമായിട്ടുള്ള ഈ ആരോഗ്യ സ്ഥാപനത്തിൽ മോർച്ചറി, ആംബുലൻസ് സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത സി.എച്ച്.സി-കൾക്ക് അനുവദിച്ചിരിക്കുന്ന സ്റ്റാഫ് പാറ്റേൺ എത്രയെന്ന് അറിയിക്കാമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് അംഗീകൃത തസ്തികകളിലെ ജീവനക്കാർക്ക് പുറമേ എച്ച്.എം.സി/എൻ.എച്ച്.എം മുഖാന്തിരം ആവശ്യമായ ജീവനക്കാരെ നിയമിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത സി.എച്ച്.സി-കളിൽ അനുവദനീയമായ സ്റ്റാഫ് പാറ്റേണിൽ ഏതെല്ലാം തസ്തികകളിൽ ജീവനക്കാരെ നിയമിക്കാനുണ്ടെന്നും എത്ര വീതമാണെന്നും ; വിശദമാക്കാമോ? | (സി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് അംഗീകൃത തസ്തികകളിലെ ജീവനക്കാർക്ക് പുറമേ എച്ച്.എം.സി/എൻ.എച്ച്.എം മുഖാന്തിരം ആവശ്യമായ ജീവനക്കാരെ നിയമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. മുളന്തുരുത്തി സി.എച്ച്.സിയിലെ സ്റ്റാഫ് പാറ്റേൺ

| Sl No | Designation | Sanctioned | In position | Vaccancy |
|---|---|---|---|---|
| 1 | Assistant Surgeon | 2 | 2 | 0 |
| 3 | Clerk(LD/UD) | 1 | 1 | 0 |
| 5 | Head Nurse | 1 | 1 | 0 |
| 8 | Hospital Attender GrI | 2 | 2 | 0 |
| 9 | Hospital Attender Gr II | 2 | 2 | 0 |
| 15 | Nursing Assistant | 3 | 1 | 2 |
| 19 | Pharmacist | 1 | 1 | 0 |
| 22 | PTS/PTC | 1 | 1 | 0 |
| 23 | Staff Nurse Gr I | 2 | 2 | 0 |
| 24 | Staff Nurse gr II | 2 | 2 | 0 |
| 25 | Assistant dental Surgeon | 1 | 1 | 0 |
| | Total | 18 | 16 | 2 |

2. കീച്ചേരി സി.എച്ച്.സിയിലെ സ്റ്റാഫ് പാറ്റേൺ

| Sl No | Designation | Sanctioned | In position | Vaccancy |
|---|---|---|---|---|
| 1 | Assistant Surgeon | 2 | 2 | 0 |
| 2 | Civil Surgeon | 1 | 1 | 0 |
| 3 | Clerk(LD/UD) | 2 | 2 | 0 |
| 4 | Driver | 1 | 1 | 0 |
| 5 | Health Inspector | 1 | 1 | 0 |
| 6 | Health Supervisor | 1 | 1 | 0 |
| 7 | Hospital Attender Gr II | 2 | 2 | 0 |
| 8 | JPHN Gr I | 3 | 3 | 0 |
| 9 | JPHN Gr II | 1 | 1 | 0 |
| 10 | Jr.Health Insepector Gr II | 4 | 4 | 0 |
| 11 | Lab Technician | 1 | 1 | 0 |
| 15 | Nursing Assistant | 2 | 2 | 0 |
| 12 | Office Attendant | 1 | 1 | 0 |
| 13 | Optometrist | 1 | 1 | 0 |
| 14 | Pharmacist | 1 | 1 | 0 |
| 15 | PHN | 1 | 1 | 0 |
| 16 | PHN Supervisor | 1 | 0 | 1 |
| 17 | PTS/PTC | 1 | 1 | 0 |

| | | | | |
|---|---|---|---|---|
| 18 | Staff Nurse Gr I | 2 | 2 | 0 |
| 19 | Staff Nurse Gr II | 2 | 2 | 0 |
| | Tatal | 31 | 30 | 1 |

## 3.CHC KOOTHATTUKULAM SANCTIONED POST AND VACANCY

| Sl No | Category | Sanctioned Post | In position | Vaccancy |
|---|---|---|---|---|
| 1 | Civil Surgeon | 1 | 1 | 0 |
| 2 | Assistant Surgeon | 2 | 2 | 0 |
| 3 | Clerk | 1 | 1 | 0 |
| 4 | Office Attendent | 1 | 1 | 0 |
| 5 | Nursing Superintendent Gr 2 | 1 | 0 | 1 |
| 6 | Head Nurse | 3 | 3 | 0 |
| 7 | Staff Nurse | 14 | 14 | 0 |
| 8 | Pharmacist | 1 | 1 | 0 |
| 9 | Nursing Assistant | 9 | 9 | 0 |
| 10 | Hospital Attendent Gr I | 2 | 2 | 0 |
| 11 | Hospital Attendent Gr II | 7 | 4 | 3 |
| 12 | PTC | 1 | 0 | 1 |
| | Total | 43 | 38 | 5 |

## 4. രാമമംഗലം സാമൂഹികാരോഗ്യകേന്ദ്രത്തിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ

| Sl No | Designation | Sanctioned Post | In position | Vaccancy |
|---|---|---|---|---|
| 1 | Assistant Surgeon | 3 | 3 | 0 |
| 2 | Civil Surgeon | 1 | 1 | 0 |
| 3 | Clerk(LD/UD) | 3 | 3 | 0 |
| 4 | Cook | 1 | 0 | 1 |
| 5 | Driver | 1 | 1 | 0 |
| 6 | Head Clerk | 1 | 1 | 0 |
| 7 | Head Nurse | 2 | 2 | 0 |
| 8 | Health Inspector | 2 | 2 | 0 |
| 9 | Health Supervisor | 1 | 1 | 0 |
| 10 | Hospital Attender Gr I | 2 | 0 | 2 |
| 11 | Hospital Attender Gr II | 5 | 4 | 1 |
| 12 | Junior Public Health Nurse Gr I | 3 | 2 | 1 |
| 13 | Junior Public Health Nurse Gr | 3 | 3 | 0 |

| | | | | |
|---|---|---|---|---|
| | II | | | |
| 14 | Junior Health Inspector Gr I | 3 | 2 | 1 |
| 15 | Junior Health Inspector Gr II | 2 | 2 | 0 |
| 16 | Lab Technician | 1 | 1 | 0 |
| 17 | Nursing Assistant | 6 | 4 | 2 |
| 18 | Nursing Superintendent | 1 | 0 | 1 |
| 19 | Office Attendent | 1 | 1 | 0 |
| 20 | Optimetrist | 1 | 1 | 0 |
| 21 | Pharmacist | 1 | 1 | 0 |
| 22 | PHN/LHI | 1 | 1 | 0 |
| 23 | PHN Supervisor | 1 | 0 | 1 |
| 24 | PTS/PTC | 1 | 0 | 1 |
| 25 | Staff Nurse Gr-I | 4 | 4 | 0 |
| 26 | Staff Nurse Gr II | 4 | 4 | 0 |
| | Total | 55 | 44 | 11 |

Hari

സെക്ഷൻ ഓഫീസർ